"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിൽ ഒഴിവുള്ള ക്ലർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ ക്ലർക്ക് ആയ ശ്രീമതി.രേഖ എം.ടി.-നെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.873/2025/LBR തീയതി,തിരുവനന്തപുരം, 21-07-2025

---

പരാമർശം:-

1. 10/05/2013-ലെ 42/2013/ധന നമ്പർ സർക്കുലർ.
2. ശ്രീമതി.രേഖ എം.ടി. 27.06.2025-ൽ സമർപ്പിച്ച അപേക്ഷ
3. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 03.07.2025-ലെ AWWFBK/CWFI/289/2025-B നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിൽ ഒഴിവുള്ള ക്ലർക്ക് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിന് തിരുവനന്തപുരം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ ക്ലർക്ക് ആയ ശ്രീമതി.രേഖ എം.ടി. പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനായി കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (3)-ലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിൽ ഒഴിവുള്ള ക്ലർക്ക് തസ്തികയിൽ തിരുവനന്തപുരം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ

ക്ലർക്ക് ആയ ശ്രീമതി.രേഖ എം.ടി.-നെ നിലവിലുള്ള അന്യത്ര സേവന വ്യവസ്ഥകൾക്കും പരാമർശ സർക്കുലറിലെ നിർദ്ദേശങ്ങൾക്കും വിധേയമായി ഒരു വർഷത്തേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറിൽ നിന്നും നിയമന ഉത്തരവ് ലഭിച്ചതിനു ശേഷം മാത്രമേ ശ്രീമതി.രേഖ എം.ടി.-നെ മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുവാൻ പാടുള്ളൂ. കെ.എസ്.ആർ ചട്ടം 144, ഭാഗം I പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് മാതൃവകുപ്പ് യഥാവിധി പൂരിപ്പിച്ച് അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള-യ്ക്ക് നേരിട്ട് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിയാ ലത്തീഫ് എ

അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം

ജില്ലാ കളക്ടർ, കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം - 43 (28.06.2025-ലെ DCTVM/9108/2025-S3 പ്രകാരം)

ശ്രീമതി.രേഖ എം.ടി, കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ (ജില്ലാ കളക്ടർ, കളക്ടറേറ്റ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം - 43 മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനുള്ള ആവശ്യത്തിനായി)

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 21-07-2025 15:39:00

സെക്ഷൻ ഓഫീസർ